## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3336 24-06-2013 ൽ മറുപടിക്ക്

## വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു; എത്ര വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്തു; ഒഴിപ്പിച്ചെടുത്ത വനഭൂമി സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വിശദമാക്കാമോ? | (എ) ജനവാസകേന്ദ്രങ്ങളുടെ അടുത്തുള്ള വനാതിർത്തിയിൽ ജണ്ടകൾ സ്ഥാപിച്ചും അതിർത്തി കയ്യാലകൾ നിർമ്മിച്ചും നിരന്തര പരിശോധന നടത്തിയും വനം കയ്യേറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏകദേശം 856 ഹെക്ടർ വനഭൂമിയിൽ നിന്നും കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. ഒഴിപ്പിച്ചെടുത്ത വനഭൂമി സംരക്ഷിക്കുന്നതിന്റെ ഭാഗമായി കയ്യേറ്റം തടയുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുകയും വീണ്ടും കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് വനാതിർത്തികളിൽ ജണ്ടകൾ നിർമ്മിച്ച് വരികയും ചെയ്യുന്നു. |
| (ബി) വനഭൂമി കയ്യേറുന്നത് തടയുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; ആർക്കെതിരെയെല്ലാമാണ് കേസ് എടുത്തത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) 168 കേസ്സുകൾ. ഇതുമായി ബന്ധപ്പെട്ട് 2901 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. |
| (സി) പാലക്കാട് ജില്ലയിൽ ഏതെല്ലാം താലൂക്കുകളിലെ ഏതെല്ലാം പ്രദേശങ്ങളെയാണ് വനം വകുപ്പ് പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ആയി നോട്ടിഫൈ ചെയ്തിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (സി) പാലക്കാട്, ആലത്തൂർ, ചിറ്റൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം എന്നീ താലൂക്കുകളിലെ വിവിധ വില്ലേജുകളിലായി 5157.2958 ഹെക്ടർ ഭൂമി വനം വകുപ്പ് പരിസ്ഥിതി ദുർബല പ്രദേശങ്ങളായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. |
| (ഡി) ഒറ്റപ്പാലം താലൂക്കിൽ പരിസ്ഥിതി പ്രദേശം ഡീനോട്ടിഫൈ ചെയ്യുവാൻ എത്ര അപേക്ഷകൾ | (ഡി) 100 അപേക്ഷകൾ. ഇവയിൽ വിവിധ കാരണങ്ങളാൽ നിരസിച്ചവ സി.ഡി.ആർ (Claim Dispute Redressal) |

| | | | |
|---|---|---|---|
| | ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | | കമ്മിറ്റികൾക്ക് പരിശോധനയ്ക്കയച്ചവ, തീർപ്പ് കൽപ്പിച്ചവ എന്നിവ ഉൾപ്പെടുന്നു. |
| (ഇ) | സംസ്ഥാനത്ത് വനഭൂമിയുടെ വിസ്തൃതി എത്രയെന്ന് വ്യക്തമാക്കാമോ; കന്യാവനങ്ങൾ, സ്വകാര്യ വനങ്ങൾ എന്നിവ പ്രത്യേകം പ്രത്യേകം വിശദാംശം നൽകാമോ; | (ഇ) | 11309 ചതുരശ്ര കിലോമീറ്റർ. ഇതിൽ സ്വാഭാവിക വനങ്ങൾ 9817 ചതുരശ്ര കിലോമീറ്ററും തോട്ടങ്ങൾ 1492 ചതുരശ്ര കിലോമീറ്ററും ആണ്. |
| (എഫ്) | 2008 മാർച്ച് മാസത്തെ കണക്കിൻ പ്രകാരം സംസ്ഥാനത്ത് എത്ര വനഭൂമി ഉണ്ടായിരുന്നു; വ്യക്തമാക്കുമോ; | (എഫ്) | 11309 ചതുരശ്ര കിലോമീറ്റർ. |
| (ജി) | 2012 ഡിസംബർ മാസത്തെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര വനഭൂമി ഉണ്ടെന്ന് വിശദീകരിക്കുമോ; | (ജി) | 11309 ചതുരശ്ര കിലോമീറ്റർ. |
| (എച്ച്) | 2006 മുതൽ 2011 വരെ എത്ര വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു; എത്ര ഏക്കർ ഭൂമിയാണ് ഒഴിപ്പിച്ചത്; വിശദമായ റിപ്പോർട്ട് നൽകാമോ? | (എച്ച്) | 356.57 ഏക്കർ വനഭൂമി. വിശദാംശം ചുവടെ ചേർക്കുന്നു. |

| സർക്കിൾ | വിസ്തൃതി (ഏക്കർ) |
|---|---|
| കൊല്ലം | 30. 8288 |
| കോട്ടയം | 136. 1056 |
| തൃശ്ശൂർ | 4. 1020 |
| പാലക്കാട് | 4. 9890 |
| കണ്ണൂർ | 179. 3663 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 0. 0 |
| പാലക്കാട് വൈൽഡ് ലൈഫ് | 0. 59 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 0. 59 |
| **ആകെ** | **356. 57** |

സെക്ഷൻ ഓഫീസർ